(എച്ച്) നിർമ്മിതിയുടെ അഭാവത്തിൽ ആരാണ് ഗാരബല്ലിയുമായി ചർച്ചയ്ക്ക് വേദി ഒരുക്കിയത്;

(ഐ) മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ജെ) പ്രോജക്ട് നിർമ്മിതികേന്ദ്രത്തിന് നഷ്ടപ്പെടാനിടയായ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സന്ദർശിച്ചിരുന്നു.

(ബി) നൽകിയിരുന്നു.

(സി) കുവൈറ്റ് മലയാളി കൾച്ചറൽ കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ പങ്കെടുക്കാൻ.

(ഡി) ഗാരബല്ലി കമ്പനിയുടെ പ്രതിനിധികൾ ഉൾപ്പെടെ പലരും വന്നു കണ്ട് ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഇ) മന്ത്രി താമസിച്ചിരുന്ന സ്ഥലത്തുവച്ച്.

(എഫ്)&(ജി) ടി കമ്പനിയുമായി ഔദ്യോഗിക ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല.

(എച്ച്) നിർമ്മിതി കേന്ദ്രം ഡയറക്ടർ.

(ഐ)&(ജെ) പ്രോജക്ട് വയബിൾ അല്ലെന്നു കണ്ടതിനാലും നിർമ്മിതി കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും വലിയ സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാലും ഇതെ സംബന്ധിച്ച് അനന്തര നടപടികൾ കൈക്കൊണ്ടിട്ടില്ല.

132 (556) അച്ചൻകോവിൽ-കോന്നി റോഡുപണി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലൂടെ പോകുന്ന അച്ചൻകോവിൽ-കോന്നി റോഡിന്റെ പണിക്ക് വിവിധ റീച്ചുകളിലായി 1999-2000 വർഷത്തിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1992-2000 വർഷത്തെ ആദ്യത്തെ എട്ടുമാസം കഴിഞ്ഞപ്പോൾ ഈ തുക ഉപയോഗിച്ച് ഏതെല്ലാം വർക്കുകൾ ചെയ്യാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്;

(സി) ഇതുവരെ അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) 1999-2000 വർഷത്തേക്കുള്ള ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 1999-2000 വർഷം നടത്തുന്ന പണികൾക്കായി ചെലവഴിക്കാനുള്ളഅടിയന്തിര നിർദ്ദേശം നൽകുവാനും പ്രസ്തുത പണി ഉടൻതന്നെ ആരംഭിക്കുവാനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) അച്ചൻകോവിൽ കോന്നി റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്നതല്ല. വനം വകുപ്പിന്റെ അധീനതയിൽ ഉള്ളതാണ്. അറ്റകുറ്റപ്പണികൾ വനം വകുപ്പാണ് ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[9.30. P.M] മി. സ്പീക്കർ : ഇന്ന് റൂൾ 50 അനുസരിച്ച് ശ്രീ. കെ.എ. ചന്ദ്രനുൾപ്പെടെയുള്ള ബഹുമാനപ്പെട്ട മെമ്പർമാരുടെ ഒരു നോട്ടീസ് ചെയറിന് കിട്ടിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ണൂർ സഹകരണ ബാങ്കിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. ഇത് ഒരു പ്രധാനപ്പെട്ട പ്രശ്നമായി ഉന്നയിക്കാൻ ശ്രദ്ധക്ഷണിക്കലിനുശേഷം ചെയർ അനുവദിക്കുന്നതാണ്. ഇപ്പോൾ ശ്രദ്ധ ക്ഷണിക്കൽ, ശ്രീ. ചെർക്കളം അബ്ദുള്ള.

II. ശ്രദ്ധക്ഷണിക്കൽ

(1) പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, പ്രവാസി മലയാളികളുടെ വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ അവർക്ക് അനുകൂലമായ പരിഹാരനടപടിയുണ്ടാകുന്നതിന് സർക്കാരിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും 'നോർക്ക'യുടെയും ശ്രദ്ധക്ഷണിക്കുകയാണ്. ഈ ആവശ്യത്തിന് നിയമസഭാംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഉന്നതാധികാര സമിതിയെ നിയമിക്കണമെന്ന ആവശ്യം ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിർത്തുന്ന വിദേശമലയാളികളെ രണ്ടാം തരം പൗരൻമാരായി കണ്ട് എല്ലാ രംഗങ്ങളിലും അവർക്ക് നീതി നിഷേധിക്കപ്പെടുന്ന സർക്കാർ നയത്തിൽ അടിയന്തിരമായി മാറ്റമുണ്ടാകണം. ലോകത്തിലെ വിവിധ രാജ്യങ്ങളിലായി ഏകദേശം 50 ലക്ഷത്തോളം മലയാളികൾ ജോലി ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന വിദേശമലയാളികളുടെ പുനരധിവാസത്തിന് ശാസ്ത്രീയമായ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണം. വിമാനചാർജ്ജ് കുറച്ച് സർവീസുകൾ കാര്യക്ഷമമാക്കുവാനും വിദേശമലയാളികൾക്ക് വോട്ടവകാശം വിനിയോഗിക്കുവാൻ അവസരമുണ്ടാക്കുവാനും വിദേശത്ത് മരണമടയുന്ന മലയാളികളുടെ മൃതദേഹങ്ങൾ കാലതാമസം കൂടാതെയും സൗജന്യമായും നാട്ടിൽ കൊണ്ടുവരാനും തൊഴിലില്ലായ്മ രൂക്ഷമായ കേരളത്തെ സാരമായി ബാധിച്ചിട്ടുള്ള വിസ നിയന്ത്രണം നീക്കം ചെയ്യുന്നതിന് വിദേശരാജ്യങ്ങളിലെ അധികൃതരുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ഞാൻ അപേക്ഷിക്കുന്നു. പ്രവാസികൾക്ക് വോട്ടവകാശം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളാ ഹൈക്കോടതിയിൽ ഞാൻ ഒരു ഹർജി നൽകിയിരുന്നു. അതിന് കേരള സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചതിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകാനാവില്ലെന്ന് പറഞ്ഞിരിക്കുന്നു. അക്കാര്യം ബഹുമാനപ്പെട്ട ഗവൺമെന്റ് വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ വിദേശ ഇൻഡ്യാക്കാർക്ക് ലോക്സഭ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ തപാൽ വോട്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സുപ്രീംകോടതിയിൽ നൽകിയ ഒരു ഹർജി തള്ളിക്കൊണ്ട് നൽകിയ വിധിയിൽ ഈ പരാതി പാർലമെന്റിൽ ഉന്നയിക്കേണ്ടതാണെന്ന് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പരിഹാരമുണ്ടാക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. നമ്മുടെ എം.പി.മാർ ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണമെന്നും സാന്ദർഭികമായി അപേക്ഷിക്കാനാഗ്രഹിക്കുകയാണ്. വിദേശ മലയാളികൾ പുറം രാജ്യങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന പീഡന

LIBRARY ARCHIVES Kerala Legislative Assembly